പതിനാലാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1869

06.02.2019-ൽ മറുപടിക്ക്

**വികസന സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു<br>,, കെ. ദാസൻ<br>,, കെ.ജെ. മാക്സി<br>,, കെ.വി.അബ്ദുൾ ഖാദർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഐക്യരാഷ്ട്രസഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ ഒന്നാം സ്ഥാനമെന്ന അഭിമാനാർഹമായ നേട്ടം കരസ്ഥമാക്കിയ സംസ്ഥാനത്ത്, ജനങ്ങളുടെ വികസന സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന വികസന മിഷനുകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br>കേരളം അഭിമുഖീകരിക്കുന്ന സാമൂഹ്യവും, സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട്, ജനങ്ങളുടെ അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും ദീർഘ വീക്ഷണത്തോടെയുള്ള പരിഷ്കാരങ്ങൾക്ക് അടിത്തറപാകുന്നതിനും വേണ്ടിയുള്ള കാലിക പ്രസക്തിയുള്ള ദൗത്യങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലുള്ളത്.<br>ലക്ഷ്യങ്ങൾ മുൻകൂട്ടി നിർണ്ണയിക്കൽ, ചിട്ടയായ ആസൂത്രണം, സൂക്ഷ്മതയോടെയുള്ള നിർവ്വഹണം, ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ ശ്രദ്ധാപൂർവ്വമായ നിരീക്ഷണം എന്നിവയാണ് നവകേരളം കർമ്മപദ്ധതിയുടെ സവിശേഷതകൾ.<br>ലൈഫ് മിഷൻ, ആർദ്രം മിഷൻ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം മിഷൻ എന്നിവയാണ് നാല് മിഷനുകൾ. നാല് മിഷനുകളുടെയും സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗരേഖ 19.04.2017 തീയതിയിലെ സ.ഉ.(പി) നം.10 /2017 /ആ.സാ.വ. പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഓരോ മിഷനും ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന മിഷനുകളും നാലുമിഷനുകളുടെ നിർവ്വഹണത്തിന്റെ ഏകോപനത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ യഥാസമയം യോഗം കൂടി വികസന മിഷനുകളിലൂടെ നടപ്പാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ജില്ലാതലത്തിൽ 4 മിഷനുകളും സംയോജിപ്പിച്ച് ഒരു ജില്ലാ മിഷനും ആറ് ജില്ലാതല കർമ്മ സേനകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ മിഷനുകളുടെ ചീഫ് കോർഡിനേറ്റർ ജില്ലാ കളക്ടർമാരാണ്. |

ബ്ലോക്ക്തലത്തിലും ഗ്രാമ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും ഏകോപന/സംയോജനങ്ങൾക്കായി ബ്ലോക്ക്തല മിഷനുകളും, ഗ്രാമ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല മിഷനുകളും അതതു തലങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകൾ കർമ്മസേനകളുമായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനതലത്തിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ചെയർപേഴ്സണായും ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാർ ചെയർപേഴ്സണായും കർമ്മസേനകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ വികസന മിഷനുകളുടെയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി സർക്കാരിന്റെ വികസനകാര്യ ഉപദേഷ്ടാവിന്റെ മേൽനോട്ടത്തിൽ മിഷൻ മോണിറ്ററിംഗ് ടീമും (എം.എം.ടി) പ്രവർത്തിച്ചുവരുന്നു. കൂടാതെ, ചീഫ് സെക്രട്ടറി ജില്ലാ കളക്ടറുമാരുമായി വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ഇതിനുപുറമെ, ഹരിതകേരളം മിഷന്റെ 3 ഉപമിഷനുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിമാർ, വകുപ്പു മേധാവികൾ എന്നിവർ ഉൾപ്പെട്ട ആസൂത്രണ സാമ്പത്തികകാര്യ വകുപ്പു സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്.

(ബി) കണ്ണൂർ വിമാനത്താവളം, ഗെയിൽ വാതക പൈപ്പ് ലൈൻ മുതലായവ പോലുള്ള ബൃഹദ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ബി) സംസ്ഥാന സർക്കാർ ശക്തവും നിരന്തരവുമായ ഇടപെടലുകളിലൂടെ എയ്റോ ഡ്രോം ലൈസൻസ്, കസ്റ്റംസുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ, കേന്ദ്ര വാർത്താവിനിമയ മന്ത്രാലയത്തിൽ നിന്നുള്ള വയർലെസ് പ്ലാനിംഗ് & കോ-ഓർഡിനേഷൻ ക്ലിയറൻസ്, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി ക്ലിയറൻസ്, സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ, സിവിൽ ഏവിയേഷൻ മന്ത്രാലയത്തിൽ നിന്നും, ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷനിൽ നിന്നുമുള്ള എയർലൈനുകൾക്കുള്ള അനുമതി, ഇമിഗ്രേഷൻ ഡിപ്പാർട്ടുമെന്റുമായുള്ള ധാരണാപത്രം, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എയർപോർട്ട് ഓപ്പറേഷനുള്ള അനുമതി, എയർപോർട്ട് അതോറിറ്റിയുടെ കാലിബറേഷൻ & ഐ.എൽ.എസ്. പ്രൊസിജർ എന്നിവയെല്ലാം നേടിയെടുത്തതിന്റെ ഭാഗമായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018 ഡിസംബർ 9-ന് കമ്മീഷൻ ചെയ്യുകയുണ്ടായി. അതിനു മുൻപ് തന്നെ വിമാനത്താവളത്തിന്റെ റൺവെ, ഏപ്രൺ (വിമാന പാർക്കിംഗ് ഏരിയ), RE Wall-ഉം, അനുബന്ധ

ചുറ്റുമതിലും, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്സ്, പാരലൽ ടാക്സിവേ ട്രാക്ക്, പാസഞ്ചർ ടെർമിനൽ ബിൽഡിംഗ്, എയർ ട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥാപിക്കൽ. എയർ കണ്ടീഷൻ പ്രവർത്തി, പ്ലംബിംഗ്, ഫയർ അലാം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി. സ്ഥാപിക്കൽ, പബ്ലിക് അഡ്രസ് സിസ്റ്റം, ഇൻസ്ട്രുമെന്റ് ലാന്റിംഗ് സിസ്റ്റം മറ്റ് അനുബന്ധ പ്രവർത്തികൾ മുതലായവ പൂർത്തിയാക്കുകയുണ്ടായി. നിരന്തര ഇടപെടലുകളുടെ ഫലമായി ഡയക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ പ്രീ ലൈസൻസിംഗ് ഓഡിറ്റ് പൂർത്തിയാക്കുകയുണ്ടായി. ഭാവി വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പെടെയുള്ള മറ്റു അവശ്യ വികസന പരിപാടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്.

കൊച്ചി-മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ കൊച്ചി-കൂറ്റനാട് സെക്ഷൻ കമ്മീഷൻ ചെയ്യുന്നതിനു മുമ്പുള്ള സുരക്ഷാ പരിശോധനകളും ടെസ്റ്റിങ്ങുകളും നടന്നു കൊണ്ടിരിക്കുന്നു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള 347 കി.മീ. വാതക പൈപ്പ് ലൈനിന്റെ ഏകദേശം 95% പണികളും പൂർത്തീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ വിന്യാസം, SV/IP സ്റ്റേഷനുകളുടെ നിർമ്മാണം, OFC laying തുടങ്ങിയ ജോലികളെല്ലാം തന്നെ അന്തിമ ഘട്ടത്തിലാണ്. എന്നാൽ ഈ ലൈനിന്റെ ഭാഗമായി വരുന്ന രണ്ട് HDD ക്രോസിങ്ങുകൾ (പുഴകളെ ക്രോസ്സ് ചെയ്യുന്ന രീതി) രണ്ടു പുഴകളിൽ വിചാരിച്ച വേഗത കൈവരിക്കാൻ സാധിച്ചിട്ടില്ല. കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി നദിയിലും, ദക്ഷിണ കന്നഡ ജില്ലയിലെ നേത്രാവതി നദിയിലും നദി ക്രോസ്സ് ചെയ്യുന്ന HDD യുടെ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ട് ക്രോസിങ്ങുകളും തീരാൻ ഏകദേശം 2-3 മാസം വരെ സമയമെടുക്കുമെന്നതിനാൽ ജൂൺ അവസാനത്തോടുകൂടി ഈ പണികൾ പൂർത്തീകരിച്ച് കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള പൈപ്പ് ലൈൻ കമ്മീഷൻ ചെയ്യുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

| | |
|---|---|
| (സി) കോവളം മുതൽ കാസർഗോഡുവരെ ലക്ഷ്യമിടുന്ന ജലപാത വികസനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) കോവളം മുതൽ കാസർഗോഡ് (നീലേശ്വരം) വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ ഒന്നാം ഘട്ടമായി 2020-ൽ തന്നെ അവസാനിപ്പിക്കുന്ന രീതിയിൽ നവീകരണപദ്ധതി പുരോഗമിക്കുന്നു. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത ഗതാഗത യോഗ്യമാണ്. ദേശീയ ജലപാത നിലവാരത്തിൽ 2022-ൽ രണ്ടാംഘട്ടവും 2025-ൽ മൂന്നാംഘട്ടവും പൂർത്തീകരിക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 2025-ഓടെ ഹോസ്ദുർഗ്ഗ്-ബേക്കൽ ജലപാത ദീർഘിപ്പിക്കൽ പൂർത്തീകരിക്കാനാകും. വികസന പ്രവർത്തനങ്ങൾക്കുള്ള ധനസഹായം കിഫ്ബി തുടങ്ങിയ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാനായി Kerala Waterway and Infrastructure (KWIL) കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ